# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3806 — 21.06.2018-ൽ മറുപടിയ്ക്ക്

## റബ്ബർ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡൽ കമ്പനി

| ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| എ) റബ്ബർ ഉത്പന്നങ്ങളുമായി ബന്ധപ്പെട്ട് സിയാൽ മോഡലിൽ ഒരു കമ്പനി രൂപീകരിക്കുവാൻ ശ്രമം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്നാണ് കരുതുന്നത് എന്നറിയിക്കാമോ? | എ) & ബി) മൂല്യവർദ്ധിത റബ്ബർ ഉത്പന്നങ്ങൾ സംസ്ഥാനത്ത് ഉദ്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും അതു വഴി റബ്ബർ വ്യവസായം പരിപോഷിപ്പിക്കുന്നതിനും കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി ഇതിന്റെ സാധ്യതകൾ പരിശോധിച്ച് വരുന്നു. റബ്ബർ മേഖലയുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രി മറ്റു ബന്ധപ്പെട്ട വകുപ്പ് മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടേയും ഒരു അവലോകന യോഗം 2018 ജൂൺ 7-)o തീയതി വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ റബ്ബർ മേഖലയെ ശക്തിപ്പെടുത്തുന്നതിന്റെ ആദ്യപടിയായി ജൂലൈ മാസത്തോടെ ഒരു സിയാൽ മോഡൽ കമ്പനി രൂപീകരിക്കുവാൻ ധാരണയായി. സിയാൽ മോഡൽ കമ്പനിയുടെ രൂപീകരണത്തിനും വിശദമായ പ്രോജക്ട് റിപ്പോർട്ടിനും, ഉൽപ്പന്ന ശ്രേണിയുടെ പഠനത്തിനും മറ്റ് അനുബന്ധ പഠനങ്ങൾക്കും ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതും പരിഗണനയിലാണ്. ആയതിന് തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ